**No. CEE/1888/B.Pharm(LE)-2020/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

# ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ -2020 ഓൺലൈൻ അപേക്ഷയിലെ വിവരങ്ങൾ പരിശോധിക്കുന്നത് സംബന്ധിച്ച്

**2021 ഏപ്രിൽ 11 -ാം** തീയതി ഞായറാഴ്ച തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ വച്ചു നടത്തുന്ന 2020–21 വർഷത്തെ ബി.ഫാം ലാറ്ററൽ എൻട്രി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഓൺലൈൻ അപേക്ഷയിലെ വിവരങ്ങളിൽ **31.03.2021** മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണ്.

വെബ്സൈറ്റിലെ **'B.Pharm (LE)2020 - Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ **ആപ്ലിക്കേഷൻ നമ്പറും, പാസ്‌വേഡും** കൃത്യമായി നൽകി ആപ്ലിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

ഓൺലൈൻ അപേക്ഷയിൽ നിലനിൽക്കുന്ന അപാകതകൾ ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവയ്ക്കാൻ കാരണമായേക്കാവുന്നതാണ്. അത്തരം വിദ്യാർത്ഥികൾക്ക് **'Memo'** ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. ന്യൂനതകൾ പരിഹരിക്കാൻ ആവശ്യമായ ബന്ധപ്പെട്ട രേഖകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോ, ഒപ്പ് എന്നിവ അപ്‌ലോഡ് ചെയ്യാത്തവർ **05.04.2021** വൈകുന്നേരം **3.00** മണിയ്ക്കു മുമ്പായും മറ്റ് സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യാത്തവർ **16.04.2021** ന് വൈകുന്നേരം **5.00** മണിയ്ക്കു മുമ്പായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷാ ഫീസ് സംബന്ധമായ അപാകതകൾ പരിഹരിക്കുന്നതിന് **05.04.2021, 3.00** മണിക്കു മുമ്പായി തന്നെ ഓൺലൈൻ പേയ്മെന്റ് വിജയകരമായി പൂർത്തിയാക്കേണ്ടതാണ്. തപാൽ/ഇ–മെയിൽ/ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്നതല്ല.

**ഹെൽപ്പ്ലൈൻ നമ്പർ : 0471– 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
31.03.2021